പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2233 08.12.2015-ൽ മറുപടിയ്ക്ക്

# വൈദ്യുതി വിതരണ മേഖല.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരിം : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനും സഞ്ചിത സാങ്കേതിക നഷ്ടം കുറയ്ക്കുന്നതിനും ആർ. എ. പി. ഡി. ആർ. പി, ആർ. ജി. ജി. വൈ ഉൾപ്പെടെ 2013-14 ബഡ്ജറ്റിൽ നീക്കിവെച്ച 800 കോടി രൂപ പ്രസ്തുത ആവശ്യങ്ങൾക്കായി തൻ വർഷം ചെലവഴിച്ചിട്ടുണ്ടായിരുന്നോ ; | (എ) 2013-14 -ൽ RAPDRP,RGGVY പദ്ധതികൾക്കായി നീക്കി വച്ച തുകയും ചെലവായ തുകയും ചുവടെ ചേർക്കുന്നു. |
| (ബി) പ്രസ്തുത വർഷം 4.68 ലക്ഷം പുതിയ സർവ്വീസ് കണക്ഷൻ നൽകുമെന്ന വാഗ്ദാനം പാലിച്ചിട്ടുണ്ടോ ;<br>(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ? | (ബി) & (സി) RGGVY പദ്ധതിയിൽ 2013-14 കാലയളവിൽ ലക്ഷ്യമിട്ടിരുന്നത് 19452 ബി.പി.എൽ. വീടുകൾ വൈദ്യുതീകരിക്കുവാനായിരുന്നെങ്കിലും 30,009 വീടുകൾ വൈദ്യുതീകരിക്കുവാൻ സാധിച്ചു.<br>2013-14 സാമ്പത്തിക വർഷത്തിലെ ബോർഡിന്റെ വാർഷിക പദ്ധതിയിൽ 4,58,130 സർവ്വീസ് കണക്ഷനുകൾ നല്കാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ വൈദ്യുതി കണക്ഷന് വേണ്ടി യഥാർത്ഥമായി അപേക്ഷിച്ചവരുടെ എണ്ണം 4,15,216 മാത്രമായിരുന്നു. അപേക്ഷ നൽകിയ മുഴുവൻ പേർക്കും സർവ്വീസ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. |

| പദ്ധതിയുടെ പേര് | ബഡ്ജറ്റ് വിഹിതം (രൂപ കോടിയിൽ) (2013-14) | ചെലവായ തുക (രൂപ കോടിയിൽ) (2013-14) |
|---|---|---|
| RAPDRP | 225 | 117.95 |
| RGGVY | 81 | 58.15 |

സെക്ഷൻ ഓഫീസർ.